"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - കൃഷി ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്ന ശ്രീമതി ദിവ്യ യു.കെ, ശ്രീ. കിരൺ കെ.ജി എന്നീ ജീവനക്കാർക്ക്, അന്യത്ര സേവന വ്യവസ്ഥയിൽ, ഒരു വർഷ കാലയളവിലേക്ക് സപ്ലൈകോയിലെ പാഡി മാർക്കറ്റിംഗ് ഓഫീസർ തസ്തികയിലേയ്ക്ക് നിയമനം നൽകി ഉത്തരവാകുന്നു.

---

**ഭക്ഷ്യ പൊതുവിതരണ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.372/2024/F&CS തീയതി,തിരുവനന്തപുരം, 22-11-2024

---

പരാമർശം:-

1. 10/05/2013-തീയതിയിലെ 42/2013/ധന നമ്പർ സർക്കുലർ
2. .സപ്ലൈകോ അഡീഷണൽ ജനറൽ മാനേജർ (പി&എ)യുടെ 13/08/2024, 09/09/2024, 25/10/2024 തീയതികളിലെ KSCSC/8/2024-D1(ADMN) നമ്പർ കത്തുകൾ
3. 28/10/2024-തീയതിയിലെ സി3/79/2024-FCSD നമ്പർ അനൗദ്യോഗിക കുറിപ്പ്.
4. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ 07/11/2024 തീയതിയിൽ കൃഷി വകുപ്പ് സെക്രട്ടറിയ്ക്ക് നൽകിയ ADFW/8527/2022-SB2 നമ്പർ കത്ത്.
5. 14/11/2024 തീയതിയിലെ AGRI-EA1/23/2024-AGRI-Part(1) നമ്പർ അനൗദ്യോഗിക കുറിപ്പ്.

**ഉത്തരവ്**

നെല്ല് സംഭരണ പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനും, നെല്ലെടുപ്പ് സംബന്ധമായ ജോലികൾ പരാതിരഹിതമായി പൂർത്തിയാക്കുന്നതിനും നിലവിലുള്ള ഒഴിവുകളിലേയ്ക്ക് അടിയന്തരമായി പാഡി മാർക്കറ്റിംഗ് ഓഫീസർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശം (2) പ്രകാരം സപ്ലൈകോ അഡീഷണൽ ജനറൽ മാനേജർ അപേക്ഷിച്ചിരുന്നു. സപ്ലൈകോയിൽ നിലവിലുള്ള പാഡി മാർക്കറ്റിംഗ് ഓഫീസറുമാരുടെ ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കാൻ അഭ്യർത്ഥിച്ചുകൊണ്ടു പരാമർശം (3) പ്രകാരം കൃഷി വകുപ്പിന് നിർദ്ദേശം നൽകുകയും, ആയതിന്റെ അടിസ്ഥാനത്തിൽ സപ്ലൈകോയിൽ പാഡി മാർക്കറ്റിംഗ് ഓഫീസർ തസ്തികയിലേയ്ക്ക് അന്യത്ര സേവനത്തിന് പരിഗണിക്കുന്നതിനായി, കൃഷി അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റ ശിപാർശയിൽ ഉൾപ്പെട്ടിട്ടുള്ള ശ്രീമതി ദിവ്യ യു.കെ, ശ്രീ. കിരൺ കെ.ജി എന്നീ കൃഷി ഓഫീസറുമാരുടെ, KSR ചട്ടം 144 പ്രകാരമുള്ള അപേക്ഷയും, അനുബന്ധ രേഖകളും ശിപാർശ ചെയ്ത്, കൃഷി വകുപ്പിൽ നിന്നും പരാമർശം (5) പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. KSR ഭാഗം - I, ചട്ടം 144, അന്യത്ര സേവന വ്യവസ്ഥകൾക്കും, പരാമർശം (1) സർക്കുലറിലെ നിർദ്ദേശങ്ങൾക്കും വിധേയമായി, കൃഷി അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റ ശിപാർശയിൽ ഉൾപ്പെട്ടിട്ടുള്ള,

നിലവിൽ കൃഷി ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്ന ശ്രീമതി ദിവ്യ യു.കെ, ശ്രീ. കിരൺ കെ.ജി എന്നീ ജീവനക്കാർക്ക് സപ്ലൈകോയിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ ഒരു വർഷ കാലയളവിലേക്ക് സപ്ലൈകോയിലെ പാഡി മാർക്കറ്റിംഗ് ഓഫീസർ തസ്തികയിലേയ്ക്ക് *അന്യത്ര സേവന വ്യവസ്ഥയിൽ* നിയമനം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എസ് പ്രവീൺ

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ്, കൊച്ചി.
ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (കൃഷി വകുപ്പ് ഡയറക്ടർ മുഖാന്തരം)
കൃഷി വകുപ്പ് (നം. AGRI-EA1/23/2024-AGRI-Part(1) , തീയതി 14/11/2024)
ധനകാര്യ വകുപ്പ്
വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ.(C3/79/2024-FCSD)

ഉത്തരവിൻ പ്രകാരം

Signed by
Sneha S Nair
Date: 22-11-2024 14:16:38

സെക്ഷൻ ഓഫീസർ